പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : pro.cpcr@gmail.com

18.05.2023

# മതപാഠശാലയിലെ പെൺകുട്ടിയുടെ മരണം ബാലാവകാശ കമ്മീഷൻ സന്ദർശിച്ചു

തിരുവനന്തപുരം: ബാലരാമപുരം മതപാഠശാലയിൽ പെൺകുട്ടി മരണപ്പെട്ട സംഭവം പൂന്തുറയിലെ കുട്ടിയുടെ വീടും പാഠശാലയും ബാലാവകാശ കമ്മീഷൻ സന്ദർശിച്ചു. കുട്ടിക്ക് മാനസിക പ്രയാസങ്ങളുണ്ടാകുന്ന രീതിയിലുള്ള പ്രവൃത്തികൾ നേരിടേണ്ടി വന്നിരുന്നതായും സംഭവശേഷം കുട്ടിയെ ആശുപത്രിയിൽ എത്തിക്കാൻ വൈകിയതായും വീട്ടുകാർ കമ്മിഷനോട് പറഞ്ഞു. സത്യം പുറത്തുകൊണ്ടുവരുന്നതിനുള്ള നടപടികൾ കമ്മീഷൻ ഉറപ്പു നൽകി. മതപാഠശാലയുടെ അംഗീകാരം സംബന്ധിച്ച രേഖകൾ കമ്മീഷൻ പരിശോധിക്കും. സംഭവം സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് നൽകാൻ ബാലരാമപുരം സ്റ്റേഷൻ ഹൗസ് ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, മതപാഠശാല പ്രിൻസിപ്പാൾ എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാർ, അംഗം സി.വിജയകുമാർ, എൻ.സുനന്ദ എന്നിവർ സന്ദർശന സംഘത്തിലുണ്ടായിരുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ